1. പടിഞ്ഞേറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 15 കി.മി. - 52.78 കോടി രൂപ

2. താനൂർ-മുഹിയുദ്ദീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെയുള്ള 3.85 കി.മി. - 26 കോടി രൂപ

3. കോഴിക്കോട് ജില്ലയിലെ കൊടിക്കൽ- കൊള്ളവി പാലം വരെയുള്ള 7.8 കി.മീ. - 64.4 കോടി രൂപ

4. കണ്ണൂർ ജില്ലയിലെ പാലക്കോട് മുതൽ കൂനരുസിറ്റി വരെയുള്ള പാത- 4.6 കി.മീ. - 34.71 കോടി രൂപ

മേൽ സൂചിപ്പിച്ച 1, 2 റീച്ചുകളുടെ പ്രവൃത്തികൾ നിർമ്മാണ ഘട്ടത്തിലാണ്. 2, 3 റീച്ചുകളുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

വിഴിഞ്ഞം തുറമുഖ നിർമ്മാണം

9(*97) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, തുറമുഖ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറി എന്നിവർ വിഴിഞ്ഞം പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വിവിധ സെക്രട്ടറിമാർ അംഗങ്ങളായ പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും എംപവേർഡ് കമ്മിറ്റിയും നിലവിലുണ്ട്. സർക്കാരിന്റെ സ്പെഷ്യൽ പ്രോജക്ടുകളെ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള Additional Chief Secretary (Special Projects - Infrastructure) പദ്ധതിയുടെ പുരോഗതി ഓരോ മാസവും അവലോകനം ചെയ്യുവരുന്നു. ഇതുകൂടാതെ പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നതിന് ഐ.എ.എസ്. കേഡറിലുള്ള ഒരു സ്പെഷ്യൽ പ്രോജക്ട് ഡയറക്ടറെയും നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാനും പ്രസ്തുത തുറമുഖ നിർമ്മാണംമൂലം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള ഉപജീവനാഘാത നിർണ്ണയ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുത്തവരുടെ പുനരധിവാസം സർക്കാർ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണംമൂലം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനായി ആർ.ഡി.ഒ. ചെയർമാനായ ഒരു ഉപജീവനാഘാത നിർണ്ണയസമിതി (Livelihood Impact Appraisal Committee- LIAC)-യും ഇതിന്മേലുള്ള അപ്പീലുകൾ പരിശോധിച്ച് സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ അപ്പീൽ സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഇവർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2627 ഗുണഭോക്താക്കൾക്ക് 94.14 കോടി രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. ചിപ്പി/ലോബ്സ്റ്റർ, കരമടി വിഭാഗങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കാണ് സഹായം അനുവദിച്ചിട്ടുള്ളത്. ഇതിൻമേലുള്ള ഏതാനും അപ്പീൽ അപേക്ഷകളാണ് ഇനി തീർപ്പാക്കാനുള്ളത്. ഇത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പിനുകീഴിൽ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനെ (PIU) ചുമതലപ്പെടുത്തിയിട്ടുണ്ട്. പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന്, ഐ.എ.എസ്. കേഡറിലുള്ള സ്പെഷ്യൽ പ്രോജക്ട് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ, ഒരു മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(സി) സമീപകാലത്തുണ്ടായ രൂക്ഷമായ കടലാക്രമണം വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

2021 മേയ് 13-ന് കേരള തീരത്ത് ആഞ്ഞടിച്ച ടൗട്ടേ ചുഴലിക്കാറ്റ് മൂലമുണ്ടായ കടൽക്ഷോഭം വിഴിഞ്ഞം തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണത്തെ ബാധിച്ചിട്ടുണ്ടെന്നും പുലിമുട്ടിന്റെ Core Layer, താൽക്കാലിക സംരക്ഷണ ആവരണം തുടങ്ങിയവയ്ക്കായി നിക്ഷേപിച്ച വിവിധ വലിപ്പത്തിലുള്ള പാറകൾക്ക് സ്ഥാനഭ്രംശം സംഭവിച്ചിട്ടുണ്ടെന്നും തുറമുഖ നിർമ്മാണ കമ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുലിമുട്ടിന് സംഭവിച്ച കേടുപാടുകളുടെ യഥാർത്ഥ തോത് മനസ്സിലാക്കുന്നതിനുള്ള നടപടികൾ കരാർ കമ്പനി നടത്തിവരികയാണ്.